II ശ്രദ്ധക്ഷണിക്കൽ

(1) കുമരകം ബോട്ടപകടം സംബന്ധിച്ച ജസ്റ്റീസ് നാരായണക്കുറുപ്പ് കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ഡോ. തോമസ് ഐസക് : സർ, 25-പേരുടെ മരണത്തിനിടയാക്കിയ കുമരകം ബോട്ടപകടം നടന്നിട്ട് ഒരു വർഷം തികയാൻ ഇനി ഒരു മാസമേ ബാക്കിയുള്ളു. ഈ സഭയിൽ ബോട്ട് ദുരന്തത്തെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തീരുമാനമെടുത്ത് പ്രഖ്യാപിക്കുകയുണ്ടായി. അന്ന് നാല് കാര്യങ്ങളാണ് അന്വേഷണത്തിന് വിധേയമാക്കിയത്. ഒന്ന് അപകടത്തിന്റെ കാരണമെന്ത് ? രണ്ട്, ആരാണ് ഉത്തരവാദികൾ ? മൂന്ന് പരിഹാരങ്ങൾ എന്ത് ? നാല് കമ്മീഷന്റെ അന്വേഷണത്തിൽ നിന്നും ഗൗരവമായി പരിഗണിക്കേണ്ട മറ്റ് അന്വേഷണങ്ങൾ. ഇക്കാര്യങ്ങൾ സംബന്ധിച്ച് വ്യക്തമായ നിഗമനത്തിലേയ്ക്ക് കമ്മീഷൻ എത്തുകയുണ്ടായി. ബോട്ടിന്റെ കാലപ്പഴക്കം, അമിതമായി യാത്രക്കാർ കയറിയത്, ചാനലിൽ തടസ്സങ്ങളുണ്ടായിരുന്നത്, ഉദ്യോഗസ്ഥൻമാരുടെ അശ്രദ്ധ ഇവയൊക്കയാണ് കാരണങ്ങൾ. ഉത്തരവാദികൾ ആരെന്നും കൃത്യമായിട്ട് അന്വേഷണ കമ്മീഷന്റെ നിഗമനത്തിൽ വന്നു. ജലസേചന വകുപ്പ്, ജലഗതാഗത വകുപ്പ്, ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ. സർക്കാരാണ് ഈ അപകടത്തിന് ഉത്തരവാദികളെന്ന് കമ്മീഷൻ വ്യക്തമായ നിഗമനത്തിൽ എത്തിച്ചേർന്നു. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കോംപൻസേഷൻ മതിയായതാണോയെന്ന് പരിശോധിക്കണം. 50,000 രൂപ ആർബിട്രറിയായിട്ടുള്ള തുകയാണ്. അത് അപര്യാപ്തമാണെന്ന് അന്വേഷണ കമ്മീഷൻ കണ്ടെത്തി. 9.30.A.M.]

അപകടത്തിൽ മരിച്ച ഓരോരുത്തരുടേയും വരുമാനം എന്തായിരുന്നു ; അവരുടെ ആയുസ്സിൽ അവർ എത്ര വരുമാനം കൂടുതൽ ഉണ്ടാക്കുമായിരുന്നു എന്നിങ്ങനെ കണക്കാക്കി, അതിൽനിന്നും അവരുടെ വ്യക്തിപരമായ ചെലവുകഴിച്ച് ബാക്കി വരുന്നത് കോംപൻസേഷനായി അനുവദിച്ചപ്പോൾ ആ അപകടത്തിൽപ്പെട്ട ഓരോരുത്തർക്കും ഒന്നര ലക്ഷം രൂപ മുതൽ അഞ്ചര ലക്ഷം രൂപവരെയുള്ള തുക കോംപൻസേഷനായി കമ്മീഷൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ റിപ്പോർട്ട് സമർപ്പിച്ചിട്ട് രണ്ടു മാസം കഴിഞ്ഞിട്ടും ഇതുസംബന്ധിച്ച ഒരു തീരുമാനമെടുക്കുന്നതിന് സർക്കാർ സന്നദ്ധമായിട്ടില്ല. കോംപൻസേഷൻ തുകയുടെ പ്രശ്നം കമ്മീഷന്റെ അന്വേഷണപരിധിക്കുള്ളിൽ വരില്ലയെന്നുള്ളതാണ് ചില സർക്കാർ ഉദ്യോഗസ്ഥൻമാർ എടുത്തുവരുന്ന നിലപാട്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ കമ്മീഷന്റെ ടേംസ് ഓഫ് റെഫറൻസിൽ നാലാമത്തെ ഇനമായി നൽകിയിരിക്കുന്ന അപകടവുമായി ബന്ധപ്പെട്ട incidental ആയിട്ടുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് കമ്മീഷൻ കോംപൻസേഷന്റെ കാര്യം പ്രസിദ്ധീകരിച്ചിട്ടുള്ളത്. സമീപകാലത്ത് ഡൽഹിയിലെ ഉപഹാർ തീയേറ്ററിലുണ്ടായ തീപിടിത്തം സംബന്ധിച്ച് വിധിന്യായത്തിൽ ഇത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട വകുപ്പുകളെ കുറ്റപ്പെടുത്തിക്കൊണ്ട് 20 കോടി രൂപയാണ് നഷ്ടപരിഹാരമായി പ്രഖ്യാപിച്ചത്. ഈ തുക ഡൽഹി കോർപ്പറേഷനും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റും തിയേറ്റർ ഉടമയും ചേർന്ന് നൽകുകയുണ്ടായി. ഇവിടെ ഇത്തരത്തിൽ അപകടങ്ങൾ ഉണ്ടാകുമ്പോൾ നാമമാത്രമായിട്ടുള്ള എന്തെങ്കിലും നഷ്ടപരിഹാരം നൽകി ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറുന്നതിനു പകരം ഇതുസംബന്ധിച്ച് എത്രയും പെട്ടെന്നൊരു തീരുമാനമെടുക്കുന്നതിന് സർക്കാർ സന്നദ്ധമാണോ? സർക്കാർ തന്നെ ഹൈക്കോടതിയിൽ ജുഡീഷ്യൽ അന്വേഷണത്തിൽ കമ്മീഷൻ എടുക്കുന്ന തീരുമാനം നടപ്പാക്കിക്കൊള്ളാമെന്ന ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുള്ളതും ബഹുമാനപ്പെട്ട ഹൈക്കോടതി, In the present case, it has been stated by the Council of the State Government that further action in accordance with the report shall be taken. We have no reason to suspect that Government shall not stand by its undertaking.എന്ന് പ്രസ്താവിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് ഈ ഗൗരവതരമായ കാര്യത്തിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്. ഇക്കാര്യത്തിൽ കാലതാമസമൊഴിവാക്കി എത്രയുംപെട്ടന്ന് ഒരു തീരുമാനമെടുക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മെമ്പർ പ്രതിനിധീകരിക്കുന്ന മണ്ഡലത്തിൽപ്പെട്ടവരാണ് ഈ ദുരന്തത്തിൽ പ്പെട്ടവരിൽ മിക്ക ആൾക്കാരും. അതുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗൗരവം മാത്രമല്ല ആ പ്രദേശത്തുള്ള ജനങ്ങളുടെ വികാരവും പ്രയാസങ്ങളും കണക്കിലെടുത്തായിരിക്കും ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതെന്ന് ഞാൻ കരുതുന്നു. ഗവൺമെന്റ് ഈ കാര്യത്തിൽ അനാസ്ഥയൊന്നും കാണിക്കുന്നില്ല. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ എ 53-ാം നമ്പർ ബോട്ട് സർവ്വീസ് 27-7-2002 രാവിലെ അഞ്ചര മണിയോടെ മുഹമ്മ ജെട്ടിക്കു സമീപം അപകടത്തിലായി മറിയുകയും തൽഫലമായി 29 പേർ മരിക്കുകയും നിരവധിപേർക്ക് പരിക്കുപറ്റുകയും ചെയ്തിരുന്നു. 101 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള പ്രസ്തുത ബോട്ടിൽ മുഹമ്മ ജെട്ടിയിൽ നിന്നുതന്നെ 300-ൽപ്പരം യാത്രക്കാർ ബോട്ട് ജീവനക്കാരുടെ നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും അവഗണിച്ച് കയറിയതിനെത്തുടർന്നാണ് അപകടമുണ്ടായതെന്നാണ് പ്രാഥമിക വിലയിരുത്തലിൽ മനസ്സിലായിട്ടുള്ളത്. അന്നേ ദിവസം കോട്ടയത്തുവച്ച് നടത്തിയ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനായുള്ള എഴുത്തുപരീക്ഷയിൽ പങ്കെടുക്കുന്നതിനു വേണ്ടിയുള്ള ഉദ്യോഗാർത്ഥികളായിരുന്നു യാത്രക്കാരിൽ ഏറിയപങ്കും. ഈ അപകടത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മദ്രാസ് ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റീസ് കെ. നാരായണക്കുറുപ്പിനെ അന്വേഷണ കമ്മീഷനായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. 2-9-2002-ൽ അപ്രകാരം പ്രവർത്തനം ആരംഭിച്ച കമ്മീഷൻ 30-4-2003-ൽ അന്വേഷണത്തെക്കുറിച്ചുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണ റിപ്പോർട്ട് സർക്കാർ പഠിച്ചുവരുകയാണ്. വൈകാതെ ഗവൺമെന്റ് ഈ റിപ്പോർട്ട് പരിശോധിച്ചതിനുശേഷം ആവശ്യമായ എല്ലാ നടപടികളും കഴിയുന്നത്ര വേഗം എടുക്കുമെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറേയും ഈ സഭയേയും അറിയിക്കുകയാണ്.

ഡോ. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞ കാര്യങ്ങളാണ് പറയുന്നത്. ജസ്റ്റീസ് നാരായണക്കുറുപ്പ് കമ്മീഷൻ വിശദമായി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കാരണങ്ങളും ഉത്തരവാദിത്വവും കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചതിനുശേഷവും ഇങ്ങനെ പറയുന്നത് അത്യന്തം ദൗർഭാഗ്യകരമാണ്. എന്തുകൊണ്ട് ഇതുസംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾക്ക് പ്രസക്തിയില്ല ? സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷൻ നിഗമനങ്ങളിലും തീർപ്പുകളിലും എത്തിയതിന്റെ അടിസ്ഥാനത്തിൽ കുമരകം ബോട്ടപകടത്തിന്റെ ഒന്നാം വാർഷികം അടുത്ത മാസമാണ്, അത് തികയുന്നതിനു മുൻപ് അതുസംബന്ധിച്ച് ഒരു തീരുമാനമെടുത്ത് പ്രഖ്യാപിക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, പരമാവധി വേഗതയിൽ ഇതുസംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുത്ത് ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടി ഈ സഭയിൽ വയ്ക്കുന്നതാണ്.

(2) പുതിയ നികുതി നിർദ്ദേശങ്ങൾമൂലം റബ്ബർകർഷകരും റബ്ബർ വ്യവസായവും നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, കേരളത്തിലെ കാർഷിക മേഖലയിൽ ലക്ഷക്കണക്കിനു വരുന്ന ചെറുകിട റബ്ബർ കർഷകരുടെ മേഖലയേയും റബ്ബർ ഫാക്ടറി മേഖലയേയും, റബ്ബർ ഫാക്ടറികളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളേയും ബാധിക്കുന്ന, ഈ അടുത്ത കാലത്തായി ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ബഹുമുഖ ടാക്സ് സംബന്ധിച്ചുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടിയും ഈ ടാക്സ് പിൻവലിക്കുന്നതിനു വേണ്ടിയുമാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കുന്നത്. 10-10-2001 മുതൽ പൂർവകാല പ്രാബല്യത്തോടുകൂടി പർച്ചേസ് ടാക്സ് ഏർപ്പെടുത്താനാണ് ഗവൺമെന്റ് തീരുമാനിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ നിലയ്ക്ക് മുൻകാലപ്രാബല്യത്തോടുകൂടി ടാക്സ് ഏർപ്പെടുത്തുവാൻ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ കഴിഞ്ഞ കാലങ്ങളിലൊന്നും ടാക്സ് അടയ്ക്കേണ്ട സ്വകാര്യ മേഖലയിലേയോ, സഹകരണ മേഖലയിലേയോ റബ്ബർ ഫാക്ടറികളിൽനിന്നൊന്നും തന്നെ ടാക്സ് സമാഹരിച്ചിട്ടുള്ളതല്ല. ആ നിലയിൽ ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്ന നികുതി നിർദ്ദേശങ്ങൾ പ്രകാരം കോടിക്കണക്കിന് രൂപ ടാക്സ് അസസ്സ്മെന്റായി വരും ഇത് ഫാക്ടറികൾ അടച്ചു പൂട്ടാനും അവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ പ്രതിസന്ധിയുണ്ടാക്കാനും

LIBRARY ARCHIVES Kerala Legislative Assembly